# ലാന്റ് റവന്യു കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*

(ഹാജർ : ശ്രീ.കെ.ആർ.മുരളീധരൻ, ഐ.എ.എസ്)

എൽ.ആർ(റ്റി)2-2002/2011 (1) — തീയതി : 31.01.2011

വിഷയം :- 10.09.1984-മുതൽ 31.10.1998 വരെയുള്ള സംസ്ഥാന തല എച്ച്.സി/ആർ.ഐമാരുടെ പുതുക്കിയ താത്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

പരാമർശം :-

1. ജി.ഒ.(എം.സ്)നം.68/08/ആർ.ഡി. തീയതി 28.03.2008 നമ്പർ സർക്കാർ ഉത്തരവ്.
2. ജി.ഒ.(എം.എസ്)നം.376/08/ആർ.ഡി. തീയതി 04.11.2008 നമ്പർ സർക്കാർ ഉത്തരവ്.
3. ജി.ഒ.(എം.എസ്)നം.242/09/ആർ.ഡി. തീയതി 24.06.2009 നമ്പർ സർക്കാർ ഉത്തരവ്.
4. ലാന്റ് റവന്യൂ അഡീ. കമ്മീഷണറുടെ 25.4.2008 ലെ എൽ.ആർ.റ്റി (2)-60602/2007(1) നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 10.09.1984 മുതൽ 31.10.1998 വരെയുള്ള HC/RI മാരുടെ സംസ്ഥാന തല താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റ്..
5. ലാന്റ് റവന്യൂ അഡീ. കമ്മീഷണറുടെ 25.4.2008 ലെ എൽ.ആർ.റ്റി (2)-60602/2007(2) നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 01.11.1998 മുതൽ 31.12.2003 വരെയുള്ള HC/RI/VO മാരുടെ സംസ്ഥാന തല താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റ്..
6. ലാന്റ് റവന്യൂ അഡീ. കമ്മീഷണറുടെ 06.12.2008 ലെ എൽ.ആർ.റ്റി (2)-60602/2007(3) നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 01.01.2004 മുതൽ 31.12.2005 വരെയുള്ള HC/RI/VO മാരുടെ സംസ്ഥാന തല താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റ്..
7. 01.01.1999 മുതൽ 31.12.2000 വരെയുള്ള HC/RI/VO മാരുടെ ഒഴിവുകൾ തിട്ടപ്പെടുത്തിക്കൊണ്ടുള്ള ലാന്റ് റവന്യു ഡെപ്യൂട്ടികമ്മീഷണറുടെ 13-10-2003 ലെ എൽ.ആർ ടി (2) - 21059/2001 നമ്പർ സ്റ്റേറ്റ്മെന്റ്.
8. ലാന്റ് റവന്യൂ കമ്മീഷണറുടെ 04.07.2006 ലെ എൽ.ആർ.റ്റി (2)-50288/2004 നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 01.01.2001 മുതൽ 31.12.2003 വരെയുള്ള HC/RI/VO മാരുടെ ഒഴിവുവിവരം.
9. ലാന്റ് റവന്യൂ അഡീ.കമ്മീഷണറുടെ 24.11.2008 ലെ എൽ.ആർ.റ്റി (2)-43297/2006 നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 01.01.2004 മുതൽ 31.12.2005 വരെയുള്ള HC/RI/VO മാരുടെ ഒഴിവുവിവരം.
10. ലാന്റ് റവന്യൂ കമ്മീഷണറുടെ 04.07.2003 ലെ എൽ.ആർ.റ്റി (3)-24471/03 നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 10.09.1984 ലെ UDC/VO മാരുടെ സംസ്ഥാന തല അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
11. ലാന്റ് റവന്യൂ കമ്മീഷണറുടെ 29.01.2011 ലെ എൽ.ആർ(റ്റി3-2003/2011 (1) നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 10.09.1984 മുതൽ 31.10.1998 വരെയുള്ള UDC/VO മാരുടെ സംസ്ഥാന തല താൽകാലിക സീനിയോറിറ്റി ലിസ്റ്റ്.
12. ലാന്റ് റവന്യൂ കമ്മീഷണറുടെ 29.01.2011 ലെ എൽ.ആർ(റ്റി3-2003/2011 (2) നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 01.11.1998 മുതൽ 30.06.2004 വരെയുള്ള UDC/SVO മാരുടെ സംസ്ഥാന തല താൽകാലിക സീനിയോറിറ്റി ലിസ്റ്റ്.
13. W.A.116/2011 -ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 27.01.2011 ലെ വിധിന്യായം

14. ജി.ഒ.(ആർ.ടി) നം.4630/2010 തീയതി 14.10.2010 നമ്പർ സർക്കാർ ഉത്തരവ്.
15. 19800/C3/08/ആർ.ഡി. തീയതി 31.07.2009 നമ്പർ സർക്കാർ കത്ത്.
16. ലാന്റ് റവന്യൂ കമ്മിഷണറുടെ 3-5-2006 -ലെ എൽ.ആർ. റ്റി. 3- 15290/2006 -നമ്പർ മാർഗ്ഗ നിർദ്ദേശങ്ങൾ.
17. ബഹു. കേരള ഹൈക്കോടതിയുടെ 14-09-1999 -ലെ ഒ.പി. 22276/98 , 22193/98 നമ്പർ വിധിന്യായങ്ങൾ

പരാമർശം 14 പ്രകാരമുള്ള സർക്കാർ ഉത്തരവിൽ പൊതുഭരണ വകുപ്പിന്റെ 02.01.1961 ലെ G.O(Ms) 4/61/PD ഉത്തരവിലെ വ്യവസ്ഥകൾ ലാന്റ് റവന്യൂ വകുപ്പിലെ അന്തർ ജില്ലാ സ്ഥലം മാറ്റങ്ങൾക്ക് ബാധകമല്ല എന്ന് ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 10.09.1984 ലെയും ,10-09-1984 മുതൽ 31-12-2008 വരെയുമുള്ള LDC/VA മാരുടെ സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. അതിനനുസൃതമായി പരാമർശം 11, 12 പ്രകാരം UDC/VO, UDC/SVO മാരുടെ സീനിയോറിറ്റി ലിസ്റ്റ് പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള ഭേദഗതികൾ എച്ച്.സി/ആർ.ഐ/വി.ഒ സീനിയോറിറ്റി ലിസ്റ്റിലും വരുത്തേണ്ടതുണ്ട്.

പരാമർശം 13 പ്രകാരമുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിൽ, ബഹു.ഹൈക്കോടതിയുടെ WP(C) 1364/2011 കേസിലെ ഇടക്കാല ഉത്തരവ് സീനിയോരിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിന് തടസ്സമല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പരാമർശം 7 മുതൽ 9 വരെയുള്ള നടപടിക്രമങ്ങൾ പ്രകാരം 01-01-1999 മുതൽ 31-12-2005 വരെയുള്ള HC/RI/VO മാരുടെ സംസ്ഥാനതലത്തിലുള്ള ഒഴിവുകൾ തിട്ടപ്പെടുത്തി ഉത്തരവായിട്ടുതാണ്.

14-10-1998 -ലെ GO (MS) 510/98/RD നമ്പർ സർക്കാർ ഉത്തരവു പ്രകാരം 01-11-1998 -മുതൽ പ്രാബല്യത്തോടെ വില്ലേജ് ഓഫീസർ തസ്തിക അപ്ഗ്രേഡ് ചെയ്തിട്ടുള്ളതിനാൽ 31-10-1998 വരെയുള്ള HC/RI മാരുടെ സീനിയോറിറ്റി ലിസ്റ്റും അതിനുശേഷം HC/RI/VO -മാരുടെ സീനിയോറിറ്റി ലിസ്റ്റും പ്രത്യേകം പ്രത്യേകം പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഇതിൽ 10-09-1984 -മുതൽ 31-10-1998 വരെയുള്ള HC/RI മാരുടെ പുതുക്കിയ താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു. പരാമർശം 4 മുതൽ 6 വരെയുള്ള ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന സീനിയോറിറ്റി ലിസ്റ്റുകൾ ഇതിനാൽ റദ്ദുചെയ്തും ഉത്തരവാകുന്നു.

പരാമർശം 1 പ്രകാരമുള്ള സർക്കാർ ഉത്തരവിൽ 12-08-1996 -ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച് പ്രൊബേഷൻ പൂർത്തിയാക്കിയ ജീവനക്കാർക്ക് ചെയിൻ സർവ്വെ യോഗ്യത നേടുന്നതിന് 28-03-2010 വരെ സമയം അനുവദിച്ചിരുന്നു. പരാമർശം 2 - പ്രകാരമുള്ള സർക്കാർ ഉത്തരവിൽ 12-07-1989 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരെ ചെയിൻ സർവ്വെ യോഗ്യത നേടുന്നതിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിരുന്നു. പരാമർശം 3- പ്രകാരമുള്ള ഉത്തരവിൽ പരാമർശം 1 പ്രകാരമുള്ള ഉത്തരവിന്റെ ആനുകൂല്യം 12-08-1996 -ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച് പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ലാത്ത ജീവനക്കാർക്കുകുടി ബാധകമാക്കിയിട്ടുള്ളതാണ്. അതനുസരിച്ച് ചെയിൻ സർവ്വെ പരീക്ഷ വിജയിക്കുന്നതിനുള്ള സമയ പരിധി 27-03-2010 -ന് അവസാനിച്ചിട്ടുള്ളതാണെങ്കിലും 27-03-2010 -ന് ശേഷവും ചെയിൻ സർവ്വെ യോഗ്യത നേടിയിട്ടില്ലാത്ത ജീവനക്കാരെ തരംതാഴ്ത്തുന്നതുമായി ബന്ധപ്പെട്ട വിഷയം വിവധ കേസുകളിലായി ബഹു.

ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ ചെയിൻ സർവ്വെ പരീക്ഷായോഗ്യത കണക്കിലെടുക്കാതെ പ്രസ്തുത ജീവനക്കാർക്ക് പുതുക്കിയ ലിസ്റ്റിൽ താല്ക്കാലികമായി സ്ഥാനം നൽകിയിട്ടുള്ളതാണ്. ഇതുസംബന്ധിച്ച അന്തിമ തീരുമാനത്തിനു വിധേയമായി പ്രസ്തുത ജീവനക്കാരുടെ സ്ഥാനം പുനഃക്രമീകരിക്കുന്നതാണ്.

HC/RI/VO മാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് ബാധകമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് 28-01-2011 -ൽ എൽ.ആർ.റ്റി.2-2002/2011-ഉത്തരവ് പ്രകാരം ലാന്റ് റവന്യൂ കമ്മിഷണർ അംഗീകരിച്ച മാനദണ്ഡങ്ങൾ അനുബന്ധമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഈ ലിസ്റ്റിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ ഇതുമായി ബന്ധപ്പെട്ട് ബഹു: ഹൈക്കോടതിയിൽ നിലനിൽക്കുന്ന വിവിധ കേസുകളുടെ അന്തിമവിധിക്ക് വിധേയമായിരിക്കും.

ജില്ലാ കളക്ടർമാർ/ആഫീസ് മേധാവികൾ ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും പ്രസ്തുത ലിസ്റ്റ് പരിശോധനയ്ക്ക് അവസരം ഒരുക്കേണ്ടതും, ലിസ്റ്റ് പരസ്യപ്പെടുത്തിയതിനുള്ള സാക്ഷ്യപത്രം 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്. സീനിയോറിറ്റി ലിസ്റ്റ് പരസ്യപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പരാമർശം 16 -പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശക്കുറിപ്പിലെ നിർദ്ദേശങ്ങൾ കർശ്ശനമായും പാലിക്കേണ്ടതാണ്.

ഈ ലിസ്റ്റിന്മേൽ ജീവനക്കാർക്കുള്ള ആക്ഷേപങ്ങളും അവകാശവാദങ്ങളും -02-2011-ന് മുമ്പ് ബന്ധപ്പെട്ട ജില്ലാകളക്ടർ/ഓഫീസ് മേധാവികൾക്ക് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ജില്ലാകളക്ടർ/ഓഫീസ് മേധാവികൾ ശു ാർശ സഹിതം ഉടൻ തന്നെ ലാന്റ് റവന്യൂ കമ്മിഷണർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

(ഒപ്പ് )
കമ്മിഷണർ
ലാന്റ് റവന്യൂ.

**പകർപ്പ്** :

1) അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യു വകുപ്പ്,
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
2) അഡ്വക്കേറ്റ് ജനറൽ,
എറണാകുളം. (ആമുഖ കത്ത് സഹിതം)
3) എല്ലാ ജില്ലാ കളക്ടർമാർക്കും
4) സെക്രട്ടറി, ലാന്റ് ബോർഡ്, തിരുവനന്തപുരം.
5) ഡയറക്ടർ,
ഐ.എൽ.ഡി.എം, പി.റ്റി.പി.നഗർ,

തിരുവനന്തപുരം.

6) ഡയറക്ടർ,

സർവ്വെ & ലാന്റ് റിക്കാർഡ്സ്,

തിരുവനന്തപുരം

7) ഡെപ്യൂട്ടി കളക്ടർ,

വിജിലൻസ്, ഉത്തര/ദക്ഷിണ/മദ്ധ്യ മേഖല.

8) കമ്മീഷണറുടെ സി.എ.യ്ക്ക്.

9) അഡീഷണൽ കമ്മീഷണറുടെ സി.എ.യ്ക്ക്.

10) അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ)

11) സൂപ്രണ്ട്, ഇ/ജി സെക്ഷൻ